107

പ്രൊഫ. ഇടനാട് രാധാകൃഷ്ണൻനായർ

# വള്ളംകളിയും വഞ്ചിപ്പാട്ടുകളും



---

വള്ളംകളിയും വഞ്ചിപ്പാട്ടുകളും

പ്രൊഫ. ഇടനാട് രാധാകൃഷ്ണൻനായർ

---

വള്ളംകളിയും വഞ്ചിപ്പാട്ടുകളും

പ്രൊഫ. ഇടനാട് രാധാകൃഷ്ണൻനായർ



മലയാളിയുടെ സാംസ്കാരിക ബോധത്തിന്റെ ഏറ്റവും
സമ്പന്നമായ അടയാളങ്ങളിലൊന്നാണ്
ആറൻമുള വള്ളംകളിയും വഞ്ചിപ്പാട്ടും വള്ളസദ്യയും.
തിരുവാറൻമുളയപ്പന്റെ തിരുസാനിധ്യത്തിൽ നിന്നും ഊർജം
പകർന്ന വള്ളപ്പാട്ടിന്റെയും വള്ളംകളിയുടെയും ചരിത്രത്തിലേക്കും
ഐതിഹ്യങ്ങളിലേക്കും പരമ്പരാഗതമായ
ആചാരാനുഷ്ഠാനങ്ങളിലേക്കും
വെളിച്ചം വീശുന്ന കൃതി.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

SIL - 3423

ISBN 978-81-7638-762-0

00170

വില: Rs 170/-

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1898

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

**COLLEGE OF AVIAN SCIENCES & MANAGEMENT**
**KVASU CAMPUS, THIRUVAZHAMKUNNU**

Acc. No. 1858 Call No. ..........................

**This book should be returned on or before the date last given below.**

*Malayalam*
**VALLAMKALIYUM VANCHIPPATTUKALUM**
*by*
**PROF. EDANADU RADHAKRISHNAN NAIR**

First Published : September 2014

*Typeset at*
Info needs, Indeevaram,
Thiruvananthapuram - 17

*Printed at*
Mattathil Printers Pvt. Ltd.
Changanassery

*Published by*
The State Institute of Languages, Kerala
Thiruvananthapuram - 695 003

© The State Institute of Languages, Kerala 2014

Copies : 1000

**SIL/ 3423** **Price: ₹ 170/-**

*Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture), New Delhi.*

**FT / 2089** ISBN: 978-81-7638-762-0

# വള്ളംകളിയും വഞ്ചിപ്പാട്ടുകളും

പ്രൊഫ. ഇടനാട് രാധാകൃഷ്ണൻ നായർ

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

## പ്രൊഫ. ഇടനാട് രാധാകൃഷ്ണൻ നായർ

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ഇടനാട് ഗ്രാമത്തിൽ 1946 ജനുവരി 4-ന് ജനിച്ചു. അച്ഛൻ വി.കെ. രാഘവപ്പണിക്കർ, അമ്മ കെ.കെ. കല്യാണിയമ്മ. ഇടനാട് എൽ.പി.സ്കൂൾ, ഇടനാട് എൻ.എസ്.എസ് ഹൈസ്കൂൾ, കോഴഞ്ചേരി സെന്റ് തോമസ് കോളെജ്, ചങ്ങനാശ്ശേരി എസ്.ബി. കോളെജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1970 മുതൽ എൻ.എസ്.എസ്. മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള എം.ജി. കോളെജ് തിരുവനന്തപുരം, എൻ.എസ്.എസ്. കോളെജ് ചേർത്തല, എൻ.എസ്.എസ്. കോളെജ് മട്ടന്നൂർ എന്നിവിടങ്ങളിൽ സാമ്പത്തികശാസ്ത്ര വിഭാഗം അധ്യാപകനായി ജോലി ചെയ്തു. 2001-ൽ പന്തളം എൻ.എസ്.എസ് കോളെജ് സാമ്പത്തികശാസ്ത്ര വിഭാഗം പ്രൊഫസറും വകുപ്പധ്യക്ഷനുമായി ജോലിയിൽ നിന്നും വിരമിച്ചു. ആറന്മുള വഞ്ചിപ്പാട്ട് കൃതികളുടെയും വള്ളംകളിയുടെയും പ്രചരാണാർഥം രണ്ട് വള്ളംകളി വീഡിയോ സിഡികളും, പതിനൊന്ന് വഞ്ചിപ്പാട്ട് ആഡിയോ സിഡികളും നിർമിച്ചിട്ടുണ്ട്.

ഭാര്യ : ജി. പൊന്നമ്മ

മക്കൾ : ശ്രീകല അശോക്കുമാർ,
ശ്രീലത ഉണ്ണികൃഷ്ണൻ,
ഡോ. വി.ആർ. പ്രഭാകരൻ
(പ്രൊഫ. എസ്.ഡി. കോളെജ്, ആലപ്പുഴ)

വിലാസം: പ്രൊഫ. ഇടനാട് രാധാകൃഷ്ണൻ നായർ
കാർത്തിക വെളിയത്തയ്യത്ത്
ഇടനാട് പി.ഒ
പുത്തൻകാവ്, ചെങ്ങന്നൂർ
ആലപ്പുഴ - 689 123
0479 - 2457568, 9744547952


| | |
|---|---|
| ജനറൽ എഡിറ്റർ | : ഡോ. എം.ആർ.തമ്പാൻ |
| എഡിറ്റർ | : എൻ. ജയകൃഷ്ണൻ |
| സബ് എഡിറ്റർ | : എം.ആർ. മീര |
| കവർ ഡിസൈൻ | : കെ. രാജേഷ് |
| **General Editor** | **: Dr. M.R. Thampan** |
| **Editor** | **: N. Jayakrishnan** |
| **Sub Editor** | **: M.R. Meera** |
| **Cover Design** | **: K. Rajesh** |


## ആമുഖം

മലയാള സാഹിത്യചരിത്രത്തിൽ വഞ്ചിപ്പാട്ടെന്ന കാവ്യപ്രസ്ഥാനത്തിന് നൂറ്റാണ്ടുകളുടെ പഴക്കവും പ്രസക്തിയുമുണ്ട്. മലയാളഭാഷയെ മാറ്റിനിർത്തിയാൽ മറ്റുഭാഷകളിൽ വഞ്ചിപ്പാട്ടില്ലെന്നുതന്നെ പറയാം. വള്ളംകളിയുടെ താളവും ദൃശ്യഭംഗിയും ഭക്തിഭാവവും നിർണയിക്കുന്നതിൽ വഞ്ചിപ്പാട്ടിന് പ്രധാന പങ്കുണ്ട്. വള്ളംകളിയിൽ പാട്ടിന്റെ താളത്തിന് അതിപ്രധാനമായ പങ്കാണുള്ളത്. പാട്ടിന്റെ താളം തെറ്റിയാൽ തുഴച്ചിലിന്റെ ക്രമം തെറ്റും. തുഴച്ചിൽകാർക്ക് തുഴയാനുള്ള പ്രചോദനവും ആർജവവും നൽകുന്നത് വഞ്ചിപ്പാട്ടുകളാണ്. വഞ്ചിപ്പാട്ടുകളധികവും നതോന്നതാ വൃത്തത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഈരടികളാണ്. വള്ളം തുഴയുന്നതിന് യോജ്യമായ നിരവധി വഞ്ചിപ്പാട്ടുകൾ മലയാളഭാഷയിൽ ഉണ്ടെങ്കിലും ഏറ്റവും ജനകീയവും ഭക്തിരസപ്രധാനവുമായ വഞ്ചിപ്പാട്ട് കൃതി രാമപുരത്ത് വാരിയർ രചിച്ച കുചേലവൃത്തം വഞ്ചിപ്പാട്ടാണ്.

വഞ്ചിപ്പാട്ടാലാപനത്തിന് വ്യത്യസ്തമായ ശൈലികൾ നിലവിലുണ്ടെങ്കിലും ഏറ്റവും പഴക്കമുള്ള വഞ്ചിപ്പാട്ടാലാപനത്തിലെ മറ്റൊരു ശൈലി കുട്ടനാടൻ ശൈലിയാണ്. ഇത് പൊതുവെ ദ്രുതതാളത്തിലാണ് പാടുന്നത്. കാകളി വൃത്തത്തിൽ വഞ്ചിപ്പാട്ട് പാടുന്നതിന് ഒരാൾ യോഗ്യനാകുന്നത് അയാൾ വഞ്ചിപ്പാട്ട് പഠിക്കുമ്പോൾ മാത്രമാണ്. വഞ്ചിപ്പാട്ട് പാടിക്കേൾക്കുമ്പോഴാണ് വഞ്ചിപ്പാട്ട് പാടുന്നതിന്റെ ശൈലിയും താളവും വായ്ത്താരിയും ഒരാൾക്ക് മനസ്സിലാകുന്നത്. അത്തരത്തിൽ മറവിയുടെ താളുകളിൽ അകപ്പെട്ടുകൊണ്ടിരിക്കുന്ന വഞ്ചിപ്പാട്ടീരടികൾ പുതുതലമുറയിലേക്ക് പകർന്നുനൽകുന്നതിനായി പ്രൊഫ. ഇടനാട് രാധാകൃഷ്ണൻ നായർ രചിച്ച വള്ളംകളിയും വഞ്ചിപ്പാട്ടുകളും എന്ന പുസ്തകത്തിന്റെ ആദ്യപതിപ്പ് സഹൃദയ വായനക്കാർക്കായി സമർപ്പിക്കുന്നു.

**തിരുവനന്തപുരം**
**സെപ്തംബർ, 2014**

**ഡോ. എം.ആർ. തമ്പാൻ**
**എൻ. ജയകൃഷ്ണൻ**

## ഉള്ളടക്കം


| | | |
|---|---|---|
| 1. | ആറന്മുള ശ്രീപാർഥസാരഥി ക്ഷേത്രം | 1 |
| 2. | ആറന്മുള വള്ളംകളിയും വഞ്ചിപ്പാട്ടുകളും | 8 |
| 3. | പള്ളിയോടങ്ങളും പള്ളിയോടക്കരകളും | 14 |
| 4. | വഞ്ചിപ്പാട്ടാലാപന ശൈലികളും താളക്രമങ്ങളും | 32 |
| 5. | വഞ്ചിപ്പാട്ട് പഠനവും പഠനക്കളരികളും | 42 |
| 6. | ആറന്മുള വള്ളസദ്യയും വിഭവങ്ങളും | 45 |
| 7. | വള്ളസദ്യ വഴിപാടുകൾ എങ്ങനെയാണ് നടത്തുന്നത് | 47 |
| 8. | വള്ളസദ്യ വിഭവങ്ങൾ ചോദിക്കുന്നതിനുള്ള പാട്ടുകളും ശ്ലോകങ്ങളും | 53 |
| 9. | വഞ്ചിപ്പാട്ട് മത്സരവും കലോത്സവങ്ങളും | 61 |
| 10. | വഞ്ചിപ്പാട്ടാലാപനവും സന്ദർഭോചിത വഞ്ചിപ്പാട്ടുകളും | 65 |
| 11. | കുചേലവൃത്തം വഞ്ചിപ്പാട്ട് (വ്യാഖ്യാനവും സാഹിത്യവും) | 77 |
| 12. | വെച്ചുപാട്ട് | 105 |
| 13. | സ്യമന്തകം വഞ്ചിപ്പാട്ട് | 107 |
| 14. | കിരാതം കഥ, കിരാതം വഞ്ചിപ്പാട്ട് | 110 |
| 15. | ശ്രീമദ് ഭഗവദ്ഗീത വഞ്ചിപ്പാട്ട് | 121 |
| 16. | പ്രഹ്ളാദചരിതം കഥ, വഞ്ചിപ്പാട്ട് ഭാഗം 1 മുതൽ 4 വരെ | 128 |
| 17. | വ്യാസോൽപ്പത്തി വഞ്ചിപ്പാട്ട് | 144 |
| 18. | പരസ്പരം സഹായിപ്പിൻ വഞ്ചിപ്പാട്ട് | 147 |
| 19. | പോരാ. പോരാ. വഞ്ചിപ്പാട്ട് | 149 |

20. രാമായണം വഞ്ചിപ്പാട്ട് ഭാഗം ഒന്നും, രണ്ടും 151
21. ഭീഷ്മപർവം വഞ്ചിപ്പാട്ട് ഭാഗം ഒന്നും രണ്ടും 170
22. ഭാഗവത കഥാമൃതം വഞ്ചിപ്പാട്ട് 184
23. ദേവേന്ദ്രദർശനം വഞ്ചിപ്പാട്ട് 187
24. ബകവധം വഞ്ചിപ്പാട്ട് 190
25. വെച്ചുപാട്ട് 194
26. ഉത്തൃട്ടാതി ചരിതം വഞ്ചിപ്പാട്ട് 196
27. സോമവാരവ്രതം വഞ്ചിപ്പാട്ട് 198
28. നളചരിതം വഞ്ചിപ്പാട്ട് ഭാഗം ഒന്നും, രണ്ടും 200
29. ദശാവതാരസ്തുതി വഞ്ചിപ്പാട്ട് 213
30. പാഞ്ചാലി ഹരണം വഞ്ചിപ്പാട്ട് 214
31. പകാരാദി വഞ്ചിപ്പാട്ട് 215
32. ശ്രീകൃഷ്ണ സ്തുതി വഞ്ചിപ്പാട്ട് 217
33. പകാരാദി സ്തുതി (ഓരടി) 219
34. ബാലലീല വഞ്ചിപ്പാട്ട് 220
35. വെച്ചുപാട്ട് 222
36. വെച്ചുപാട്ട് 224
37. സന്താനഗോപാലം വഞ്ചിപ്പാട്ട് 226
38. ഗരുഢഗർവശമനം വഞ്ചിപ്പാട്ട് 230
39. പാലാഴിമഥനം വഞ്ചിപ്പാട്ട് 233
40. ബാണയുദ്ധം വഞ്ചിപ്പാട്ട് 237
41. പാഞ്ചാലി സ്വയംവരം വഞ്ചിപ്പാട്ട് 242
42. വാമനാവതാരം വഞ്ചിപ്പാട്ട് 245
43. ദക്ഷയാഗം വഞ്ചിപ്പാട്ട് 248
44. ഭഗവദ് ദൂത് വഞ്ചിപ്പാട്ട് 251
45. ആറന്മുളയും പൈതൃക ഗ്രാമപദവിയും 257

# ആറന്മുള
# ശ്രീപാർഥസാരഥിക്ഷേത്രം

**മ**ധ്യതിരുവിതാംകൂറിലെ പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രസിദ്ധിയാർജിച്ചത് ആറന്മുള ശ്രീപാർഥസാരഥി ക്ഷേത്രമാണ്. തൃച്ചിറ്റാറ്റ്, തൃപ്പുലിയൂർ, തിരുവൻവണ്ടൂർ, തൃക്കൊടിത്താനം എന്നിവയാണ് മറ്റ് നാല് പാണ്ഡവക്ഷേത്രങ്ങൾ. മേൽപ്പറഞ്ഞ പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിൽ ഒരേ ദിവസം ദർശനം നടത്തുന്നത് പുണ്യമെന്നാണ് വിശ്വാസം. ദ്വാപരയുഗാവസാനത്തിൽ ധർമപുത്രർ അനുജന്മാരെ വിളിച്ച് കലിയുഗം ആരംഭിക്കുകയാണെന്നും അതുകൊണ്ട് അവരവരുടെ തേവാരബിംബങ്ങൾ യഥാവിധി പ്രതിഷ്ഠിക്കണം എന്നും ആവശ്യപ്പെട്ടു. മധ്യമപാണ്ഡവനായ അർജുനൻ തന്റെ തേവാരബിംബം പമ്പാനദീതീരത്തുള്ള നിലയ്ക്കൽ എന്ന സ്ഥലത്താണ് പ്രതിഷ്ഠിച്ചത്. യുധിഷ്ഠിരൻ തന്റെ തേവാരബിംബം തൃച്ചിറ്റാറ്റും, ഭീമൻ തൃപ്പലിയൂരും, നകുലൻ തിരുവൻവണ്ടൂരും, സഹദേവൻ തൃക്കൊടിത്താനത്തും അവരവരുടെ തേവാരബിംബങ്ങൾ യഥാക്രമം പ്രതിഷ്ഠിച്ചു എന്നാണ് ഐതിഹ്യം. അർജുനന്റെ തേവാരബിംബം പ്രതിഷ്ഠിച്ച നിലയ്ക്കൽ നാരായണപുരം ക്ഷേത്രം ആയിരത്താണ്ടുകൾക്കപ്പുറം ആറന്മുളയിലേക്ക് മാറ്റി സ്ഥാപിക്കുകയാണുണ്ടായത് എന്ന് സ്ഥലപുരാണം ഉദ്ഘോഷിക്കുന്നു. അന്ന് ചാക്കമാർ വിഭാഗത്തിൽപ്പെട്ട ആളുകൾ ഉണ്ടാക്കിക്കൊടുത്ത ആറു മുളകൾ കൂട്ടിക്കെട്ടിയ ഒരു ചങ്ങാടത്തിൽ വിഷ്ണുഭഗവാൻ ബ്രഹ്മചാരി വേഷത്തിൽ നിലയ്ക്കലിൽ നിന്നും പമ്പാനദീമാർഗം ഇപ്പോൾ ആറന്മുള ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്തു നിന്നും മൂന്ന് കിലോമീറ്ററോളം ദൂരം പടിഞ്ഞാറോട്ടു മാറി 'വിളക്കുമാടം' എന്ന പ്രദേശത്ത് വന്നു എന്നാണ് കേട്ടറിവും, ഭക്തരുടെ വിശ്വാസവും. ഭഗവാൻ ആറ് മുളയിൽ വന്നെത്തിയതിനെ അനുസ്മരിച്ചാണ് ആറന്മുള എന്ന സ്ഥലനാമം ഉണ്ടായത് എന്നും വിശ്വസിച്ചുപോരുന്നു. ഈ സംഭവങ്ങളെ അനുസ്മരിക്കുന്ന നാല് വരി വഞ്ചിപ്പാട്ട് ചുവടെ ചേർക്കുന്നു.